# GVHSS

# NANDIKKARA




# വൈഖരി

## Digital Magazine

## By, LK STUDENTS

# ഉള്ളടക്കം


1. പൂക്കാതെ പോയ വസന്തം - കവിത
2. ഉൾക്കാഴ്ച്ചയിലെ നന്മ – കഥ
3. വരാന്ത – കവിത
4. കലാവിരുന്ന് - ചിത്രരചന
5. അവൻ – കഥ
6. കനിവ് -കഥ
7. Tell Me A Tale - Poem
8. തായ് മരം - കവിത
9. അമ്മ മനസ്സ് - കവിത
10. മറാല - " The story of ചിലന്തീസ് " - കഥ
11. Drop - Poem


# പൂക്കാതെ പോയ വസന്തം

ശിശിരകാലത്ത് ഇലകൾ
പൊഴിച്ചത്
വസന്തം നൽകാനായിരുന്നില്ലേ ?
വാസരത്തിൽ ശലഭങ്ങളും
തുമ്പികളും
കുഞ്ഞുകുരുവിയുടെ
കലപിലയുമായിരുന്നു
വണ്ടുകളുടെ മൂളിപ്പാട്ടുകൾ
കാറ്റത്താടുന്ന കതിരിന്റെ
കിലുക്കം
കണ്ണുകൾ തുറന്നു
ജാലകത്തിൻ അരികിലേക്ക്
നടന്നു



# ഉൾക്കാഴ്ച്ചയിലെ നന്മ

ആശുപത്രിയിലെ ഒരു മുറിയിൽ ഗുരുതരമായ രോഗം ബാധിച്ച് രണ്ടു വൃദ്ധരായ വ്യക്തികൾ ഉണ്ടായിരുന്നു.അവർ രണ്ടു പേരും അടുത്തടുത്ത കട്ടിലുകളായിരുന്നുകിടന്നിരുന്നത്.അവരിൽ ഒരാൾക്ക് കട്ടിലിൽ നിന്നും തീരെ അനങ്ങാനും എഴുനേൽക്കാനുമൊന്നും കഴിയുമായിരുന്നില്ല.മറ്റെയാൾക്ക് കുറച്ചെങ്കിലും ഒന്ന് പതുക്കെ എഴുന്നേറ്റിരിക്കാൻ പറ്റുമായിരുന്നു.അയാൾ ആ റൂമിന്റെ ഒരേയൊരു ജനലരികിലുള്ള കട്ടിലിൽ ആണ് കിടന്നിരുന്നത് . പണ്ടുകാലത്തെ ഓർമ്മകളും , കുടുംബവും , മക്കളും വീടും , സൈനികസേവനത്തിൽ ഏർപ്പെട്ടിരുന്ന കാലത്തെ കഥകളും അങ്ങനെ എല്ലാം



അവർ സംസാരിക്കുമായുരുന്നു.ഒരുപാട് നേരം അവർ അവരുടെ സന്തോഷം പങ്കുവയ്ക്കും.കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അവർ ഉറ്റ സുഹൃത്തുക്കളായി മാറിയിരുന്നു .എല്ലാ ദിവസവും ജനലരികിൽ കിടക്കുന്ന വ്യക്തിയുടെ താൽപര്യപ്രകാരം നേഴ്സ് ഒരു മണിക്കൂർ അയാളെ കിടക്കയിൽ എഴുന്നേൽപ്പിച്ച് ഇരുത്തും .ജനലിലൂടെ കാണുന്ന കാഴ്ചകൾ എല്ലാം അയാൾ തന്റെ എഴുന്നേൽക്കാൻ സാധിക്കാത്ത ഉറ്റ സുഹൃത്തിന് പറഞ്ഞു കൊടുക്കുമായിരുന്നു . ആ ഒരു മണിക്കൂറിനായി അയാൾ കാത്തിരിക്കും . ജനലിലൂടെ പുറത്തേക്ക് നോക്കുമ്പോൾ പലവിധ വർണ്ണങ്ങളാൽ അലങ്കരിച്ച ഒരു പാർക്ക് , അവിടെ ഒരു തടാകവുമുണ്ട് .തടാകത്തിൽ തങ്ങളുടെ പേപ്പർ ബോട്ടുകൾ ഒഴുക്കി കളിക്കുന്ന കുട്ടികൾ,തടാകത്തിന്റെ ഒരറ്റത്ത് നീന്തിത്തുടിക്കുന്ന താറാവുകളും അരയന്നങ്ങളും,മഴവില്ലിന്റെ നിറങ്ങളുള്ള പൂക്കൾക്കിടയിൽ പ്രണയിതാക്കൾ കൈകോർത്ത് നടക്കുന്നു. അങ്ങനെ എല്ലാം അയാൾ പറഞ്ഞു കൊടുക്കുമായിരുന്നു .മറ്റേയാൾ കണ്ണുകൾ അടച്ച് ആ ദൃശ്യങ്ങൾ മനസ്സിൽ കണ്ട് ആസ്വദിക്കും .ദിവസങ്ങൾ കടന്നുപോയി ഒരു വൈകുന്നേരം മരുന്നുമായി നേഴ്സ് വന്നപ്പോൾ ജനലരികിൽ കിടക്കുന്നയാൾ മരിച്ചിരിക്കുന്നു .

തന്റെ ഉറ്റ സുഹൃത്തിനെ നഷ്ടപ്പെട്ട വിവരം അയാളിൽ വലിയ സങ്കടമുളവാക്കുന്നു. അയാൾ തന്നെ തന്റെ സുഹൃത്തു കിടന്നിരുന്ന ആ ജനലരികിലെ കിടക്കയിലേക്ക് കിടത്താമോ എന്ന് നഴ്സിനോട് അപേക്ഷിക്കുന്നു. നേഴ്സ് അയാളുടെ ആഗ്രഹം സാധിച്ചു കൊടുക്കുന്നു . നേഴ്സ് പോയതിനുശേഷം പതുക്കെ വേദനയോടെ കിടക്കയിൽ കൈ കുത്തി അയാൾ എഴുന്നേൽക്കാൻ ശ്രമിക്കുന്നു .കുറേ ദിവസങ്ങൾക്ക് ശേഷം താൻ കേട്ടറിഞ്ഞ ആ മനോഹാരിതയെ കണ്ടാസ്വദിക്കാൻ ആ ലോകത്തെ അറിയാൻ വ്യഗ്രതയോടെ കഷ്ടപ്പെട്ട് എഴുന്നേറ്റ് ജനൽ പാളികളിലൂടെ പുറത്തേക്ക് നോക്കി .പക്ഷേ അയാൾക്ക് അവിടെ കാണാൻ കഴിഞ്ഞത് ഒരു ശൂന്യമായ മതിൽ മാത്രം .വളരെ നിരാശനായി അയാൾ മെല്ലെ കിടന്നു .രാത്രിയിൽ മരുന്നു കൊടുക്കാൻ നേഴ്സ് വന്നപ്പോൾ അയാൾ താൻ പുറത്തേക്ക് നോക്കിയപ്പോൾ ഒരു മതിൽ മാത്രമാണ് കണ്ടതെന്നും ,തന്റെ സുഹൃത്ത് പറഞ്ഞ പുറം കാഴ്ചകളെ കുറിച്ചും പറഞ്ഞു. എന്തുകൊണ്ടാണ് സുഹൃത്ത് തന്നോട് ഇങ്ങനെയെല്ലാം പറഞ്ഞതെന്ന് നഴ്സിനോട് ചോദിച്ചു .അയാൾ ഒരു അന്ധനായിരുന്നു എന്നും ആ മതിൽ പോലും കാണാൻ അയാൾക്ക് കഴിയുമായിരുന്നില്ല എന്നും നേഴ്സ് അയാളോട് പറഞ്ഞു . ഒരുപക്ഷേ ആ സുഹൃത്ത് നിങ്ങളെ സന്തോഷിപ്പിക്കാൻ ആഗ്രഹിച്ചിരിക്കാം എന്നും നേഴ്സ് പറഞ്ഞു.

നമ്മുടെ സ്വന്തം സാഹചര്യങ്ങൾക്കിടയിലും മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ കഴിയുന്നത് വളരെയധികം നന്മ നിറഞ്ഞ ആനന്ദകരമായ കാര്യമാണ് . പങ്കിട്ട ദുഃഖം സങ്കടത്തെ പകുതിയാക്കുന്നു പക്ഷേ പങ്കിടുമ്പോൾ സന്തോഷം ഇരട്ടിയാകുന്നു.

---

ലക്ഷ്മി സിനീഷ്
ജി.വി.എച്ച്.എസ്സ് നന്ദിക്കര

# വരാന്ത

അനശ്വര.എം.ആർ
ജി.വി.എച്ച്.എസ്സ്.എസ്സ്.നന്തിക്കര

ആയിരമോർമ്മകൾ മാത്രമായ് ഞാൻ
ഒറ്റയ്ക്കീ പഴയ വരാന്തയിൽ
ഈറൻ മിഴികളുടെ ശ്രുതിയുമായി ഞാൻ
ഹാസ്യമാം വേദിയൊരുക്കിയീ വരാന്തയിൽ.

തിരക്കുപിടിച്ചോടുന്നീ കാലത്തിൽ
ഞാനും സ്മരിപ്പു ആ പഴയ ബാല്യകാലം.
ചിരി കുസൃതിയോടെ ഞാൻ തീർത്തകൂട്ടുകെട്ടുകൾ
വഴക്കിട്ടുപിരിഞ്ഞാ പഴയ കുട്ടുകാർ.

ഓർക്കുന്നു ഞാൻ പലതും
ഇന്നിവിടെ നിൽക്കുമ്പോൾ
കാതോർക്കുന്നു ഞാൻ പലതും
ഇന്നിവിടെ ഏകനാകുമ്പോൾ.

ഭാരമേറെ ചുമക്കുന്നു ഞാനിന്ന്
ഭാരമേറെ ചുമക്കാനാഗ്രഹിച്ച ബാല്യമെന്ന്.
ഞാൻ കണ്ട കൊച്ചുതയ്യന്ന്
കുളിർമയേകും വൃക്ഷമായിമാറിയിന്ന്.

ചൂരലിൻ ചൂടറിഞ്ഞ കൈകളുണ്ടിവിടെ
ചൂരലിൻ ചൂടുതന്ന കയ്യില്ലിന്നിവിടെ
ചിരിക്കാൻ പഠിപ്പിച്ച ഓർമ്മകളിന്നിവിടെ
ഒന്നു പുഞ്ചിരിക്കാൻ ശ്രമിക്കുന്നിവിടെ.


ഈറനായി കുളിർകാറ്റിൽ
അനശ്വരമായീയോർമ്മകളിൽ
മൂകമായീ നിമിഷത്തിൽ
ഏകനായീഞാനീ ഈ പഴയ
വരാന്തയിൽ.

# കലാവിരുന്ന്

ആര്യ.കെ.എ
ജി.വി.എച്ച്.എസ്സ്.എസ്സ്.നന്തിക്കര







# അവൻ

ആര്യനന്ദ.കെ.എസ്
ജി.വി.എച്ച്.എസ്സ്.നന്ദിക്കര

---

അവൻ ഒരു പ്രത്യേക സ്വഭാവകാരനായിരുന്നു. എന്തിനും ഏതിനും ചാടിക്കടിക്കൽ മാത്രം . ഒരു കാര്യവുമില്ലാതെ എല്ലാവരോടും ദേഷ്യം മാത്രം . പക്ഷേ ആരും അവനോട് ഒന്നും പറയില്ല . കാരണം അവർക്കറിയം അവനൊരു പാവം ആണെന്ന് . എല്ലാവരും പറയുമായിരുന്നു അവനെ ഇങ്ങനെ ആക്കിയത് അവന്റെ അച്ഛൻ തന്നെ ആണെന്ന് . അങ്ങനെ ഇരിക്കുമ്പോഴായിരുന്നു നാട്ടിലൊരു പെൺകുട്ടിയെ ഒരാൾ അപായപ്പെടുത്തിയത് എന്നാൽ അവൻ അയാളെ പിടിച്ച് പോലീസിൽ ഏൽപ്പിച്ചു . പോലീസുകാർക്ക് അഭിമാനമായി പോലീസുകാർ ചോദിച്ചു അവന്റെ പേരെന്താണെന്ന് . അവനവന്റെ പേരുപറഞ്ഞു രഘു.അങ്ങിനെ അവൻ പതുക്കെ നടന്നുനീങ്ങി . പഴയകാല ഓർമ്മകളിലേക്ക് നടന്നുനീങ്ങി . അവനാകെ ഉണ്ടായിരുന്നത് അമ്മയും അനിത്തിയുമായിരുന്നു. അനിയത്തിയെ അവന് വളരെ ഇഷ്ടമായിരുന്നു.അവന്റെ അമ്മ സംസാരിക്കുകയില്ലായിരുന്നു . ഒരു പാവം സ്ത്രീയായിരുന്നു അവന്റെ അമ്മ . അവന്റെ അനിയത്തിക്ക് പത്തുവയസ്സ് തികയുന്നതെയുണ്ടായിരുന്നുള്ളൂ. അവന് ഒരച്ഛനുണ്ടായിരുന്നു ഏതു സമയവും കള്ളുകുടിച്ച തല്ലുകൂടി നടന്നിരുന്നൊരച്ഛൻ . അമ്മയെ ദിവസവും വന്ന് തല്ലുമായിരുന്നു അമ്മയെ തല്ലി തല്ലി ഉണ്ടായിരുന്ന കാശും സ്വർണ്ണവും അച്ഛനെടുത്തുകൊണ്ടുപോയി . അങ്ങിനെയിരിക്കെ അവനും അമ്മയും ഇല്ലാത്ത തക്കം നോക്കി അച്ഛൻ വീട്ടിൽ കയറി . വീട്ടിൽ അനിയത്തിയൊറ്റയ്ക്കായിരുന്നു അവന്റെ അച്ഛൻ അനിയത്തിയെ ആക്രമിച്ച് കൊന്നുകളഞ്ഞു . ഇതു കണ്ടുവന്ന അമ്മയേയും കൊന്നുകളഞ്ഞു .ഇതുകണ്ട് ദേഷ്യം വന്ന രഘു അച്ഛനേയും കൊന്നുകളഞ്ഞു . അവൻ ജയിലിലും പോയി .അവന്റെ പകുതി ജന്മം അവൻ ജയിലിൽ കഴിച്ചുകൂട്ടി. ഇപ്പോളവനു ഒരേയൊരു
അഗ്രഹം മാത്രമാണുള്ളത് അവന്റെ അനിയത്തിക്ക് പറ്റിയ പോലെ ഇനി വേരെയാർക്കും സംഭവിക്കുതെന്ന ചിന്ത അവനെ വേട്ടയാടുകയാണ് . അതിനായാള് ഇപ്പോൾ അവൻ ജീവിക്കുന്നത് അവന്റെ അനിയത്തിക്കുപറ്റിയപോലെ ഇനിയൊരുകുഞ്ഞിനും സംഭവിക്കരുതെന്ന തോന്നൽ അവന്റെ മനസ്സിൽ ഉണ്ട് . അതിനായി അവൻ ഇനിയും ജീവിക്കും.

# കനിവ്

മാളവിക.വി.എസ്
ജി.വി.എച്ച്.എസ്സ്.എസ്സ്.നന്തിക്കര



സമയമായി സുഭദ്രേ, നമ്മുടെ മകനെ വിട്ടുപിരിയാൻ ഇനി എന്തു ചെയ്യും ? ദൈവം എന്തിനു നമ്മളോട് ഈ ചതി ചെയ്തു. പ്രതീക്ഷയുടെ ഒരു നേർത്ത വഴി പോലും ഇല്ലേ....? അവൾ മുഖം തുടച്ചുകൊണ്ട് ചോദിച്ചു . ഡോക്ടർ ഒന്നും പറഞ്ഞിട്ടില്ല . നമ്മുടെ മകൾ ഇതറിഞ്ഞാൽ അവള്ക്ക് താങ്ങാൻ കഴിയില്ല . അത്രയ്ക്ക് ലാളിച്ചുകൊണ്ട് നടന്നതല്ലേ... അവൻ അവളെ . പെട്ടെന്ന് ഐസിയുവിന്റെ വാതിൽ തുറന്നു . ഒരു നഴ്സ് പുറത്തിറങ്ങി . ഈ ലിസ്റ്റിലുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് എത്തിക്കണം .

ഉം ശരി , അയാള് ആ ലിസ്റ്റ് വാങ്ങിച്ചു എന്നിട്ട് ഭാര്യയെ സമാധാനിപ്പിച്ച റിസപ്ഷനിലേക്ക് പോയി. ഈ മരുന്നുകൾ അയാൾ തൊണ്ടയിടർച്ചയോടെ പറഞ്ഞു . മരുന്നു വാങ്ങി അയാൾ തിരിഞ്ഞു . പെട്ടെന്ന് പുറകിൽ നിന്ന് ഒരു ശബ്ദം മി. ചന്ദ്രശേഖർ..... അയാൾ തിരിഞ്ഞു . ഒരാൾ വെളുത്ത നിറം മുടി പകുതിയിലതികവുംപോയി കഷണ്ടിയായി തുടങ്ങിയിരിക്കുന്നു നേർത്ത മീശ , ഷർട്ട് പാന്റിനുള്ളിലേക്ക് ഇൻ ചെയ്തിട്ടുണ്ട് . അയാളുടെ കുടവയറുകൊണ്ട് ഷർട്ടിന്റെ ബട്ടൺ പൊട്ടാറായ പോലെയുണ്ട് . ചന്ദ്രശേഖർ ഒരു നിമിഷം അയാളെ ഒരു അപരിചിതനെ പോലെ നോക്കി . അയാൾ ഓടി വന്നു ചന്ദ്രശേഖറിനെ ആലിംഗനം ചെയ്തു . അദ്ദേഹത്തിന് ഒന്നും മനസ്സിലായില്ല . അയാൾ ചോദിച്ചു നിനക്ക് എന്നെ മനസ്സിലായില്ലേ ? ഞാനാണ് നിന്റെ പഴയ ചങ്ങാതി എന്നെ ഓർമ്മയില്ലേ ? ഇത് ഞാനാണ് സുധി . ഒരു നിമിഷം ആലോചിച്ച് അയാൾ തന്റെ പഴയ സുഹൃത്തിനെ കഷ്ടപ്പെട്ട് ഓർത്തെടുത്തു .ഇവിടെ? അയാൾ ആശ്ചര്യത്തോടെ ചോദിച്ചു. ഞാൻ ഇവിടത്തെ ഡോക്ടർ ആണ് . ഒരല്പം ഉച്ചത്തിൽ അയാൾ പറഞ്ഞു . ചന്ദ്രശേഖർ ഞെട്ടലോടെ പറഞ്ഞു . പണ്ട് ആ പിന്നിലെ ബെഞ്ചിൽ എപ്പോഴും ഗീതു ടീച്ചർ എഴുന്നേൽപ്പിച്ചു നിർത്തിയ സുധി അല്ലേ നീ..... നീ ഡോക്ടറായോ വിശ്വസിക്കാനാവുന്നില്ല . സുധി

അഭിമാനത്തോടെ അതെ എന്നു പറഞ്ഞു. ഒരു നിമിഷം. നിങ്ങൾ എന്താണ് ഇവിടെ ? മകനോ മകൾക്കോ അസുഖമോ മറ്റും ആണോ ? അയാൾ ചോദിച്ചു. ഉം ഒരു നെടുവീർപ്പോടെ ചന്ദ്രശേഖർ പറഞ്ഞു . ഇപ്പോൾ മകൻ  ഐസിയുവിലാണ് . ഒരു ഞെട്ടലോടെ അയാൾ ചോദിച്ചു എന്തു പറ്റി . എന്താണ് സംഭവിച്ചത് ? മകളുടെ പ്രോഗ്രാമിന് സ്കൂളിലേക്ക് പോയതാണ് രണ്ടുപേരും . എതിരെ വന്ന ലോറി തട്ടി ആക്സിഡൻറ് സംഭവിച്ചു . മകൻറെ തലയ്ക്കാപരിക്കുണ്ട് . മകൾക്ക് ഇപ്പോള് വലിയ കുഴപ്പമില്ല . അയാൾക്ക് മുഴുവിപ്പിക്കാൻ സാധിച്ചില്ല . അയാളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വരാൻ തുടങ്ങി . ചുണ്ടുകൾ വിതുമ്പൻ തുടങ്ങി , മുഖം ഒട്ടാകെ ചുവന്നു , അരികെ ഉണ്ടായിരുന്ന കസേരയിൽ അയാൾ ഇരുന്നു പോയി . ഇനി എന്തു ചെയ്യും എന്ന് അറിഞ്ഞുകൂടാ *15* ലക്ഷം കെട്ടിയാൽ മാത്രമേ മകന്റെ ഓപ്പറേഷൻ നടക്കൂ അവന്റെ അവസ്ഥ ഇപ്പോൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണെന്നാണ് ഡോക്ടർ പറഞ്ഞത് . ഓപ്പറേഷൻ എത്രയും പെട്ടെന്ന് നടന്നാല്  മാത്രമേ മകനെ രക്ഷിക്കാൻ സാധിക്കൂ . ചന്ദ്രശേഖറിന്റെ തൊണ്ട ഇടറി കൊണ്ടിരുന്നു . ഓപ്പറേഷനുള്ള പണം എങ്ങനെ സമ്പാദിക്കും എന്ന് എനിക്കറിയില്ല.... സുധി ഒരു നിമിഷം എന്തോ ഉറപ്പിച്ച പോലെ ആലോചിച്ചുനിന്നു . അയാൾ ചന്ദ്രശേഖരനെ ആശ്വാസിപ്പിച്ചു പറഞ്ഞയച്ചു . എന്നിട്ട് റിസപ്ഷനിലേക്ക് പോയി . തിരികെയെത്തിയ ചന്ദ്രശേഖർ ഭാര്യയെ ആശ്വാസിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ഡോക്ടർ  ഐസിയുവിലേക്ക് പോയി . ഇരുവരും എഴുന്നേറ്റ് ഡോക്ടർ പുറത്തിറങ്ങുന്നത് നോക്കി കാത്തു നിന്നു . കയ്യിൽ ഒരു റെസീറ്റുമായി ഡോക്ടർ ചന്ദ്രശേഖരനെ സമീപിച്ചു . എത്രയും പെട്ടെന്ന് ഈ റസീറ്റിൽ ഒപ്പിടണം . ഡോക്ടർ ധൃതിയില്  പറഞ്ഞു . ഒന്നും മനസ്സിലാകാതെ നിന്നിരുന്ന ചന്ദ്രശേഖരറിനും ഭാര്യയ്ക്കും ഡോക്ടർ വിശദീകരിച്ചു കൊടുത്തു . ഡോക്ടർ പറഞ്ഞു ഇത് നിങ്ങളുടെ മകന്റെ ഓപ്പറേഷനുള്ള സമ്മതപത്രമാണ് ഇതിൽ ഒപ്പുവെച്ചാൽ മാത്രമേ ഓപ്പറേഷൻ നടത്താൻ സാധിക്കൂ . അയാള്  റസീറ്റിൽ ഒപ്പ് വെച്ചു . തന്റെ മകനെ  ഐസിയുവിൽ നിന്ന് ഓപ്പറേഷൻ തീയേറ്ററിലേക്ക് മാറ്റുന്നത് വേദനയോടെയാണെങ്കിലും അല്പം ആശ്വാസത്തോടെ അയാൾ നോക്കി നിന്നു . ഒരു നിമിഷം . ഭാര്യയെ കസേരയിൽ ഇരുത്തിയിട്ട് അയാൾ റിസപ്ഷനിലേക്ക് ഓടി. അപ്പോൾ അവിടത്തെ നേഴ്സ് പറഞ്ഞു ഇതാ ബില് അടച്ചതിന്റെ റസീറ്റ് . അയാള്  ആകാംക്ഷയോടെ ചോദിച്ചു ആരാണ് ഓപ്പറേഷനുള്ള പണം തന്നത് ? ആ അത് ഡോക്ടർ സുധിയാണ് . നിങ്ങൾ അദ്ദേഹത്തിന് പണം കൊടുത്തു എന്നാണല്ലോ പറഞ്ഞത് . ഇത് കേട്ട് അല്പം സംശയത്തോടെയും എന്നാൽ അതിലുപരി സന്തോഷത്തോടെയും അയാൾ

സുധിയെ കാണാൻ ഓടി. എന്നാൽ അയാളെ കാണാൻ സാധിച്ചില്ല . നിരാശയോടാണെങ്കിലും അയാൾ തന്റെ ഭാര്യക്ക് അരികിലേക്ക് പോയി . സുഭദ്രേ... നമ്മുടെ മകന്റെ ഓപ്പറേഷനുള്ള തുക അടച്ചത് എന്റെ പഴയ ചങ്ങാതിയായ സുധിയാണ് . അവൻ ഇവിടത്തെ ഡോക്ടർ ആണ് . അയാൾ സുധിയോടുള്ള നന്ദി വാക്കുകളിലൂടെ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു . അപ്പോഴാണ് സുധി ചന്ദ്രശേഖരന് നേരെ വരുന്നത് കണ്ടത് . അയാൾ സന്തോഷത്തോടെ സുധിയെ കെട്ടിപ്പിടിച്ചു ചന്ദ്രശേഖർ അറിയാനുള്ള ആകാംക്ഷ കൊണ്ട് ചോദിച്ചു . സ്കൂൾ പഠിക്കുമ്പോൾ മര്യാദയ്ക്ക് സംസാരിക്കാത്ത എന്നെ നിനക്ക് ഇത്ര കാലം കഴിഞ്ഞിട്ടും ഓർമ്മയുണ്ടല്ലോ എനിക്കുവേണ്ടി എന്തിനാണ് നിന്റെ കയ്യിൽ നിന്നും ഇത്രയും പണം മുടക്കിയത് ? സുധി അടഞ്ഞ ശബ്ദത്തോടുകൂടി പറഞ്ഞു . നിനക്ക് ഓർമ്മയുണ്ടോ എന്ന് അറിയില്ല . പണ്ട് സ്കൂളിൽ പരീക്ഷിക്കിരുന്ന എന്നെ ഗീതു ടീച്ചർ എഴുന്നേൽപ്പിച്ച് നിർത്തി . പരീക്ഷ ഫീസിന്റെ പകുതിയെങ്കിലും തന്നില്ലെങ്കിൽ പരീക്ഷയ്ക്ക് ഇരുത്തില്ല എന്ന് പറഞ്ഞു പുറത്താക്കി . എന്ത് ചെയ്യണമെന്ന് അറിയാതെ നിസ്സഹായനായി നിന്ന എനിക്ക് പരീക്ഷക്ക് അടയ്ക്കാനുള്ള പകുതി സഹായിച്ച നിന്നെ എനിക്ക് എങ്ങനെ മറക്കാൻ സാധിക്കും . അന്ന് ഞാൻ തീരുമാനിച്ചതാണ് എന്നെങ്കിലും നിനക്ക് എന്റെ സഹായം ആവശ്യമുള്ള സമയത്ത് എനിക്കാവുന്നവിധത്തില്  സഹായിക്കുമെന്ന് . അന്ന് നീ തന്ന ആ പണത്തിന്റെ മൂല്യം ഇന്നും എന്റെ മനസ്സിൽ വളരെ വലുതാണ് . ഇത് കേട്ടപ്പോൾ ചന്ദ്രശേഖറിന്റെ കണ്ണുകൾ നിറഞ്ഞു . അയാൾ ഓർത്തു താന്  എന്നോ ചെയ്ത സഹായം ഇന്ന് തന്റെ മകന്റെ ജീവൻ രക്ഷിക്കാൻ കാരണമായിരിക്കുന്നു . ഓപ്പറേഷൻ തീയേറ്ററിന്റെ വാതിൽ തുറന്നു . പേഷ്യന്റ് അപകടനില തരണംചെയ്തു .

ഡോക്ടർ പറഞ്ഞു . ചന്ദ്രശേഖറിന്റെ മുഖം വിടർന്നു. ഭാര്യയുടെ പ്രാർത്ഥന ഫലിച്ചു . ചന്ദ്രശേഖർ നിറയുന്ന കണ്ണുകളോടെ സുധിയെ നോക്കി . സന്തോഷമായില്ലേ ? എന്റെ പേഷ്യന്റ് വെയിറ്റ് ചെയ്യുന്നുണ്ടാകും എനിക്ക് പോകാൻ സമയമായി സുധി പറഞ്ഞു . എന്നിട്ട് തിരിഞ്ഞു നടന്നു . ചന്ദ്രശേഖർ നിറഞ്ഞ കണ്ണുകളോടെയും വിടർന്ന് മുഖത്തോടെയും ചെറുപുഞ്ചിരിയോടെയും ആത്മാർത്ഥത ഏറുന്ന മുഖത്തോടെയും സുധിയെ നോക്കി നിന്നു . അയാളുടെ രൂപം കണ്ണിൽനിന്ന് മാഞ്ഞുപോകുന്നതുവരെ .

---

# Tell me a tale

kaniha.C.R
X C

Tell me a tale
Which is only pretty and fine,
Flushed in happiness and threaded in love.

Tell me a tale
which is not of Sorrows,
of mourning plights of forsaken greifs.

Tell me a tale
Of an uncut love,of memories
that never tricked and ached,
Where there wasn't treacheries
To promises of a blind trusts& naked truths.

Tell me a tale
Of golden hues ,and sustainable
Dawns of green and chill.
Of chants of the priest with no intentions
of the world,
Of desireless lives and ungreedy minds.

Tell me a tale,
acquainted only with truths,
accumulating birchsaps of heavenly monarchs,
Darting to only victories of the world,
And Pierced in enthrall purity of raven plights.
Where no one fails and fall to cries,

Of cloud caught climes with sunshine
And clueless never fainted and faded.
Where maples ripened and birches silvered
Forever stayed alike a still wind.
Where there's always twilight of orbs,
moon and sun,

To a longing travelogue which is never to fulfill.
Where always a dome opens from hives,
to evade and fold yourself preserved to eras.

Then,
Tell me tale
Where fought no headcut wars,
to only a grasp of seven jewelled crowns,
Where no bonds tackled life to down
and threatened the liberty of embers of sparks.
Where something was permanent
and the cosmic auras were ever still.

Where the whole valleys are only enchanted
with adoring lanterns of jasmine fragrance,
Where amethyst caves were always caught
and digged,
Where never sank the eden to sea,
and never again rose to a region of hopes.

Where the longing woods and crystall falls,
Always charmed and calmed ,
And tuned the paths paved only for treasures,
Where never haunts and hails
and vapours,
To any a hell and dump of pyres.

Then,
Tell me a tale
Which was never filthy,
Of fastening sedating fatigues of wantings,
Its only in wheels of nightmares,
That all the glitters'll forever stay,
Even the dreams'll die day to day.
Nothing more,that never fades,
Nothing more,that never dies ,
Nothing more that's permanent and nailed.
Still we owe,to smile forgetting ourselves
in prayers hailing hives,

For the sought ,with a grateful heart
Which is panting only of love ,

Of sacred happiness, of anxiousless,
desireless wisdom.

This is the tale he is sewing,
Its impermanent all we have today,
Let's balance and let go,
Hold and bow our heads,

Bow your heads to this holy stream
That ever chants and sometimes dries.

# തായ് മരം

**അനുകീർത്തന ജോൺസൺ**
**ജി.വി.എച്ച്.എസ്സ്.നന്തിക്കര**



തണലായി കൂട്ടായ്
തളരാതെ താങ്ങായ്
നിലയുറച്ചു നിന്നു
ആ തായ് മരം

വെയിലേറ്റു വാടാതെ
മഴയെത്ത് വീഴാതെ
ധരണിയിൽ വേരുറപ്പിച്ചു നിന്നു
ആ തായ് മരം

ചിറകുകൾ വിടർത്താൻ
പ്രതിസന്ധിക്കുമേൽ പറക്കാൻ
ധൈര്യം പകർന്നുതന്നിരുന്നു
ആ തായ് മരം

വീഴുമ്പോൾ താങ്ങി
വിതുമ്പുമ്പോൾ ചേർത്ത്
തകർച്ചയിൽ പരിഹാരമായി
നിന്നു ആ തായ് മരം

ഒരുനാൾ ആ തായ് മരം
വാടിപ്പോയി , വീണുപോയി
ഒരു വാക്കു ചൊല്ലാതെ
മറഞ്ഞു പോയ്

അപ്പോൾ ആരോ മുറുമുറുത്തു
എന്തേ അവർ മറക്കുന്നു പണം
മാത്രം മതിയോ സ്വന്തം
അമ്മയല്ലേ.........

# അമ്മ മനസ്സ്

ഐശ്വര്യ
ജി.വി.എച്ച്.എസ്സ്.നന്തിക്കര

ഇഷ്ടമാണ് ഒരുപാട
പക്ഷേ നിന്നെ കിട്ടില്ല
എന്ന് അറിഞ്ഞിട്ടും
ഞാൻ തരുന്നു
സ്നേഹം ഒന്നും
വേണ്ടായിരുന്നു
മനസ്സ് അറിഞ്ഞു
തരുന്ന ഒരു തുള്ളി
വെള്ളമല്ലാതെ
ഒന്നും വേണ്ടായിരുന്നു
ഒരു നാൾ നീ എന്റെ
ജീവിതത്തിൽ കടന്നു
വന്നു എന്നിട്ടും
നീ എൻറെ ജീവിത-
ത്തിൽ നല്ല ഓർമ്മകൾ
തന്നു അവസാനം
നീയും അതിൽ ഓർമ്മയായി
മാറി ഒന്നും വേണ്ടായിരുന്നു
എന്നെ ഒഴിവാക്കാൻ പല
കാരണങ്ങൾ പറഞ്ഞിട്ടും
ഞാൻ തരുന്ന സ്നേഹം
ഒന്നും വേണ്ടായിരുന്നു
പക്ഷേ ഏതു പാതിരാത്രിക്ക് വീട്ടിൽ
വന്നാലും കാത്തിരിക്കുന്നു
ആ മനസ്സ്
നമ്മളെ സ്നേഹിക്കാനും
നമ്മളെ ആശ്വസിപ്പിക്കാനും
ഒരു മനസ്സ് അമ്മ

# മറാല - " *The story of* ചിലന്തീസ് "

അമ്ന അബ്ദുൾ അസീസ്
ജി.വി.എച്ച്.എസ്സ്.എസ്സ്.നന്തിക്കര

---

"ഇന്നലെ രാത്രി കിടക്കുവാൻ വേണ്ടി അവന്റെ മാറാലയിലേക്ക് പോയതാണ് കുഞ്ഞൻ ഇതുവരെ തിരിച്ചു വന്നിട്ടില്ല" കുഞ്ഞിച്ചിലന്തി കരഞ്ഞുകൊണ്ട് ഇൻസ്പെക്ടർ കുട്ടപ്പൻ ചിലന്തിയോട് പറഞ്ഞു . കുഞ്ഞന്റെ രണ്ടാനമ്മയാണ് കുഞ്ഞിച്ചിലന്തി . ഇൻസ്പെക്ടർ കുട്ടപ്പൻ ചിലന്തി ഇത് കേട്ട് കുഞ്ഞിചിലന്തിയുടെ വീട്ടിൽ സെർച്ച് ചെയ്യാൻ ഉത്തരവിട്ടു. പോയവർ അരമണിക്കൂറിനകം ഒരു ആംബുലൻസുമായി തിരിച്ചെത്തി . പിന്നെ അവർ പറഞ്ഞത് കേട്ട് കുഞ്ഞി ചിലന്തി പൊട്ടിക്കരഞ്ഞു . കാരണം അവർ മാറാല സെർച്ച് ചെയ്തപ്പോൾ കിട്ടിയത് ഒരു ഡെഡ് ബോഡിയായിരുന്നു . അത് കുഞ്ഞൻ ചിലന്തിയുടെതായിരുന്നു .കുഞ്ഞന്റെ ദേഹത്ത് ഒരു വെടിയുണ്ടയുണ്ടായിരുന്നു ഒരു പിസ്റ്റിളിന്റെ . ഫോറൻസിക് ടീം വന്ന് ആ വെടിയുണ്ട പുറത്തെടുത്തു . ഇൻസ്പെക്ടർ കുട്ടൻ ചിലന്തിക്ക് എന്തോ സംശയം തോന്നി അദ്ദേഹം അവിടെ പരിശോധിക്കാൻ പറഞ്ഞു . അവർക്ക് ഒരു അലമാരിയിൽ നിന്ന് ഒരു തോക്ക് കിട്ടി . അത് ഒരു പിസ്റ്റൽ ആയിരുന്നു അത് കൊണ്ട് കുഞ്ഞൻചിറന്തിയെ കുഞ്ഞി കൊല്ലുകയായിരുന്നു . കുഞ്ഞിയെ ഉടൻതന്നെ അറസ്റ്റ് ചെയ്തു.

കൂടുതൽ ചോദ്യം ചെയ്തപ്പോൾ കുഞ്ഞിയുടെ സ്വർണ്ണമാല അവൻ മോഷ്ടിച്ചിട്ടുണ്ടായിരുന്നു അത് തിരിച്ചു വാങ്ങിക്കാൻ ചെന്നപ്പോഴാണ് അവൻ കൊല്ലപ്പെട്ടതെന്നും കുഞ്ഞി പറഞ്ഞു . കുഞ്ഞിക്ക് ജീവപര്യന്തം കഠിനതടവ് വിധിച്ചു . അങ്ങനെ കുഞ്ഞൻ കൊലക്കേസ് ക്ലോസ്ഡ് .

---

# DROP

Durgga . M . P
GVHSS Nandikkara

---

Falling on me
The faith in you glistening like Amethyst
Every Person deserves a drop

Feels like Rose quartz from God of heaven
could sense the warm caim when stepping
over the dew , Hawing whole world on my
fingertip .

Stabbing a stone on my chest exact feeling
when you waved by the help of your
friend.

The moment I saw you
felt somewhat unexpressable.
You always made me doubtful

At least a single drop should dribble
on everyone
with hopes....